# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **4079**

16-05-2017 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം തുറമുഖ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ടി.വി. ഇബ്രാഹിം : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് വേണ്ടി പുതുതായി സർക്കാർ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി, മുൻപ് ഏറ്റെടുത്ത 205.39.011 ഏക്കർ സ്ഥലത്തിനു പുറമേ റോഡ് വികസനത്തിനായി, 5.52 ഏക്കർ ഏറ്റെടുക്കേണ്ടതുള്ളതിൽ 29.715 സെൻറ് ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ അഡീഷണൽ ബാക്ക് അപ്പ് ഏരിയയ്ക്കായി 12.89 ഏക്കർ ഏറ്റെടുക്കേണ്ടതിൽ 3.68 ഏക്കർ ഏറ്റെടുത്തിട്ടുണ്ട്. ബാക്കി സ്ഥലം കൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. |
| (ബി) വിഴിഞ്ഞം തുറമുഖം ഏത് വർഷത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) | 2019 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ പ്രതിസന്ധികളെന്തെങ്കിലും ഉണ്ടോ ; ഉണ്ടെങ്കിൽ അവ വിശദീകരിക്കാമോ ? | (സി) | കാര്യമായ പ്രതിസന്ധികളൊന്നും നിലവിലില്ല. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണം തടസ്സമില്ലാതെ നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ